<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4475</u> <u>01-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കശുവണ്ടി മേഖലയിലെ തൊഴിൽ ദിനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി മേഖലയിൽ ഓരോ വർഷവും തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയുന്നുണ്ടെന്ന് അറിയിക്കാമോ; | (എ) | കശുവണ്ടി വ്യവസായ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും തൊഴിലാളികൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ)<br>കൂടാതെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളിൽ 2021-22, 2022-23, 2023-24 വർഷങ്ങളിൽ തൊഴിലാളികൾക്ക് യഥാക്രമം 186, 193, 215 എന്നിങ്ങനെ ശരാശരി തൊഴിൽ ദിനങ്ങൾ നല്കിയിട്ടുണ്ട്. |
| (ബി) | കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റേയും കീഴിൽ എത്ര ഫാക്ടറികളുണ്ടെന്നും ഇതിൽ എത്രയെണ്ണം ഇനിയും തുറന്ന് പ്രവർത്തിക്കാനുണ്ടെന്നും അറിയിക്കാമോ? | (ബി) | കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ 30 ഫാക്ടറികളും കാപ്പക്സിനു കീഴിൽ 10 ഫാക്ടറികളുമാണുള്ളത്. പ്രസ്തുത ഫാക്ടറികൾ എല്ലാം തന്നെ നിലവിൽ തുറന്നു പ്രവർത്തിക്കുന്നു. |

| സ്ഥാപനം | വർഷം | ശരാശരി തൊഴിൽ ദിനങ്ങൾ |
|---|---|---|
| കശുവണ്ടി വികസന കോർപ്പറേഷൻ | 2021 | 101 |
| | 2022 | 61 |
| | 2023 | 108 |
| | 2024 (24.06.24 വരെ) | 52 |
| കാപ്പക്സ് | 2021 | 140 |
| | 2022 | 131 |
| | 2023 | 151 |
| | 2024 (24.06.24 വരെ) | 73 |

സെക്ഷൻ ഓഫീസർ